കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 05.11.2022 മുതൽ 09 .11.2022 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും

ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 44/2022,(88) വെള്ളിയാഴ്ച്ച | തീയ്യതി 04/11/2022 |
|---|---|

| 1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി: | | | | | | | |
|---|---|---|---|---|---|---|---|
| മഴ (മി.മി) | ഉയർന്ന താപനില (ºC) | കുറഞ്ഞ താപനില (ºC) | കൂടിയ അന്തരീക്ഷ ആർദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂർ) | ബാഷ്പീകര ണം (മി.മി) |
| (17.1) | (31.9-33.8) | (22.6-25.1) | (68-94) | (47-63) | (1.4-4.8) | (1.3-9.6) | (2.4-4.0) |

| 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം : | | | | | |
|---|---|---|---|---|---|
| കാലാവസ്ഥാ ഘടകങ്ങൾ | 05.11.2022 | 06.11.2022 | 07.11.2022 | 08.11.2022 | 09.11.2022 |
| മഴ (മില്ലി മീറ്റർ) | 10 | 2 | 1 | 1 | 0.5 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 34 | 34 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 88 | 88 | 88 | 88 | 88 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 2 | 2 | 2 | 2 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 230 | 230 | 250 | 290 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 4 |
| കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത. | | | | | |

| അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം | | | | |
|---|---|---|---|---|
| 2022 നവംബർ 05 | 2022 നവംബർ 06 | 2022 നവംബർ 07 | 2022 നവംബർ 08 | 2022 നവംബർ 09 |
| നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ |

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതു നിർദേശങ്ങൾ : വിളകളിൽ രോഗകീടങ്ങൾ പടരാതെ നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ എടുക്കുക.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് മുണ്ടകൻ (ഞാറുപരുവം) | പട്ടാളപ്പുഴ | നെല്ലിൽ പട്ടാളപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കുന്നതിനായി പാടത്തു കുറഞ്ഞത് 24 മണിക്കൂറെങ്കിലും വെള്ളം കെട്ടിനിർത്തുക . നെൽച്ചെടികളിലും പാടത്തിന്റെ വരമ്പുകളിലും കളകളിലും 3 മില്ലി ക്ളോറാൻട്രാനിലിപ്രോൾ പത്തു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ നന്നായി കലക്കി തളിക്കുക. നടീൽ കഴിഞ്ഞിട്ടില്ലാത്ത പാടങ്ങളിൽ ക്ളോറാൻട്രാനിലിപ്രോൾ തരികൾ 4 കിലോഗ്രാം ഒരു ഏക്കറിന് എന്ന തോതിൽ വളത്തോടൊപ്പം ചേർത്തുകൊടുക്കുക. പാടവരമ്പും ചുറ്റുപാടുകളും കള വിമുക്തമാക്കുക. |
| വാഴ | ഇലപ്പുള്ളി രോഗം | വാഴയിൽ ഇലപ്പുള്ളിരോഗത്തിന് മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കുളിർക്കെ തളിക്കുക. ഇലപ്പുള്ളി രോഗം കാണുകയാണെങ്കിൽ ഒരു മി.ലി ഹെക്സാകൊണാസോൾ അല്ലെങ്കിൽ ഒരു മി.ലി പ്രോപികൊണാസോൾ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക. |
| കാബേജ്, കോളിഫ്ലവർ | നിലം ഒരുക്കൽ | ശീതകാല പച്ചക്കറികൾ നടുന്നതിനുള്ള സമയമാണ്. നിലം മൂന്നോ നാലോ തവണ ഉഴുതിടേണ്ടതാണ്. |

മൃഗസംരക്ഷണം-: എലിപ്പനിക്കും ബാഹ്യപരാദങ്ങൾക്കും എതിരെ ജാഗ്രത പുലർത്തുക. കാലിത്തീറ്റയിൽ പൂപ്പൽ വിഷബാധ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക . (CAADECCS, KVASU, Mannuthy).